LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിലും 11 കെ. വി. ലൈനിലും എൽ.ടി. ലൈനിലും മരം വീണിട്ടുണ്ട്. അങ്ങനെവന്നാൽ ഇതിലേക്ക് കറന്റ് പാസ് ചെയ്യാനുള്ള സാധ്യതയുണ്ട്. ഇവിടെ സബ്സ്റ്റേഷൻ ഓഫ് ചെയ്താലും മരം വീണാൽ ഈ 11 കെ.വി.യിലേക്കാണെങ്കിലും എൽ.ടി.യിലേക്കാണെങ്കിലും ഇതിലേക്ക് കറന്റ് പാസ് ചെയ്യാനുള്ള സാധ്യതയുണ്ട്. അങ്ങനെ കറന്റ് പാസ് ചെയ്തതുകൊണ്ടാണോ ഇത് സംഭവിച്ചതെന്ന് സംശയിക്കുന്നു. ഏതായാലും മൂന്നാളുകളെ ഇത് ബാധിച്ചു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹരിദാസ് ആണ് മരണപ്പെട്ടത്. അദ്ദേഹത്തിന്റെ മരണത്തിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുകയാണ്. അതിനുപുറമെ അയ്യപ്പദാസ്, മോഹൻരാജ് എന്നിവർക്കാണ് അപകടം സംഭവിച്ചത്. ഈ രണ്ടുപേരെയും ഇപ്പോൾ പെരിന്തൽമണ്ണയിലുള്ള മൗലാനാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ഞാൻ ഇന്നലെ രാത്രിയിലും വിളിച്ചു. ഒരു 15 മിനിട്ടിനുമുമ്പുകൂടി ആശുപത്രിയുമായി ബന്ധപ്പെട്ടപ്പോൾ ഈ അയ്യപ്പദാസ് ഐ.സി.യു.വിലാണ്. ഏതായാലും അദ്ദേഹം അപകടനില തരണംചെയ്തു എന്നാണ് ആശുപത്രിയിൽനിന്നും മനസ്സിലാക്കിയത്. അതുപോലെ മോഹൻരാജും വാർഡിലാണ്, അദ്ദേഹത്തിന്റെ നിലയും വളരെയധികം improve ചെയ്തിരിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഞാൻ ഇലക്ട്രിക്കൽ ചീഫ് ഇൻസ്പെക്ടറെ അടിയന്തിരമായി ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ ഏർപ്പാട് ചെയ്തിട്ടുണ്ട്, നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉടനെതന്നെ എന്താണ് ഇതിന്റെ കാരണമെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സാമ്പത്തികസഹായം, സാധാരണഗതിയിൽ ഇത് Workmen Compensation Act apply ചെയ്യുന്നതാണ്. അതുകൊണ്ട് ഇവർക്ക് Workmen Compensation Act അനുസരിച്ച് സഹായം നൽകേണ്ടത് വിലയൻസാണ്. എന്നാലും ബോർഡ് ഇക്കാര്യത്തിൽ പരമാവധി എന്തുചെയ്യാൻ സാധിക്കുമെന്നുനോക്കി ചെയ്യുന്നതാണ്.

(14) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അംഗൻവാടി ജീവനക്കാരുടെ പ്രശ്നം ഇതിനുമുമ്പ് പല തവണ ഈ സഭയുടെ മുമ്പിൽ വന്നതാണ്. അംഗൻവാടി ജീവനക്കാർ അധ്യാപികമാരാണ്. ഒപ്പം ഹെൽപ്പർമാരുമുണ്ട്. നിരവധി വർഷങ്ങളായി ജോലിചെയ്യുന്ന അദ്ധ്യാപികമാരായിട്ടുള്ള ഇവരുടെ സേവന വേതന വ്യവസ്ഥകൾ കൃത്യമായി നിശ്ചയിച്ചിട്ടില്ല. വളരെയധികം കഠിനാദ്ധ്വാനം ചെയ്യുന്ന അവർ അദ്ധ്യാപികമാരുടെ ജോലിയെടുക്കണം, ആയമാരുടെ പണിയെടുക്കണം, അമ്മമാരുടെ പണിയെടുക്കണം, കുട്ടികളെ പരിചരിക്കണം, സാമൂഹ്യപ്രവർത്തകർ എന്നനിലയിൽ ആരോഗ്യ വകുപ്പിന്റെയും സാമൂഹ്യക്ഷേമവകുപ്പിന്റെയും ജോലി ചെയ്യണം. ഇപ്രകാരം കഠിനാദ്ധ്വാനംചെയ്യുന്ന പതിനായിരക്കണക്കിനു സഹോദരിമാർ കേരളത്തിലുണ്ട്.

1975-ൽ കേരളത്തിൽ ഐ.സി.ഡി.എസ്. ആരംഭിച്ചുകഴിഞ്ഞതിനുശേഷവും അവർക്ക് കൃത്യമായിട്ടുള്ള ഒരു സേവന-വേതന വ്യവസ്ഥയില്ല. പെൻഷൻ കൊടുക്കുന്നതു സംബന്ധിച്ച് പഠിക്കാൻ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒരു കമ്മീഷനെ നിയമിച്ചു. ആ കമ്മീഷൻ റിപ്പോർട്ട് അനന്തമായി നീണ്ടുപോകുകയാണ്. ഒരു മാസത്തിനുള്ളിൽ ആ കമ്മീഷൻ റിപ്പോർട്ട് സഭയിൽ വയ്ക്കാനോ പ്രസിദ്ധീകരിക്കാനോ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ എന്നാണ് എനിക്ക് അറിയേണ്ടത്. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 55 വയസ്സ് കഴിഞ്ഞാൽ അവർക്ക് ഒരു പെൻഷൻ, അങ്ങയുടെ കാലത്തുതന്നെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അങ്ങ് ട്രേഡ് യൂണിയൻ നേതാവു കൂടിയാണല്ലോ. ഇവിടത്തെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, അഞ്ചും ആറും കൊല്ലം ജോലി ചെയ്തിട്ടുള്ള താൽക്കാലിക ജീവനക്കാരെ പിരിച്ചു വിട്ടിരിക്കുകയാണ്. അങ്ങേയറ്റം നിർദ്ദയമാണ്, ക്രൂരമാണ്. അവർ ആത്മഹത്യയുടെ വക്കിൽ എത്തിനിൽക്കുകയാണ്. അതുകൊണ്ട് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടരുത്. അവരെ സ്ഥിരപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഒരു അഭ്യർത്ഥന. അതുപോലെ ഹെൽപ്പർമാരുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരമാണ്. ഹെൽപ്പർമാർക്ക് പ്രൊമോഷൻ കൊടുക്കാനും അംഗൻവാടി വർക്കറായി ജോലി കൊടുക്കാനുമുള്ള തീരുമാനം അങ്ങേക്കു സ്വീകരിക്കാൻ കഴിയുമോ എന്നാണ് എനിക്ക് അറിയാനുള്ളത്. സൂപ്പർവൈസറി നിയമനം കൃത്യമായിട്ടു നടക്കുന്നില്ല. കേരളത്തിലെ എല്ലാ ജില്ലകളിലേയും അംഗൻവാടി വർക്കർമാർക്കു നിശ്ചിതസമയം കഴിഞ്ഞാൽ സൂപ്പർവൈസർമാരായി പ്രൊമോഷൻ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി സമയബന്ധിതമായി അങ്ങയുടെ കാലത്തു തന്നെ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (*ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്*): അംഗൻവാടി പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനു വേണ്ടി നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് കിട്ടി, അതു സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റും ധനകാര്യവകുപ്പും പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ പല നടപടികളും സ്വീകരിച്ചുവരികയാണ്. ധനകാര്യമന്ത്രി തന്നെ ക്ളിയർ ചെയ്തിട്ടുള്ള ഒരു പ്രധാന സംഗതി അങ്ങയെ അറിയിക്കാൻ എനിക്കു അതിയായ താൽപ്പര്യമുണ്ട്. അൻപതിനായിരത്തോളം വരുന്ന അംഗൻവാടി ടീച്ചർമാർക്കും വർക്കർമാർക്കും അവരുടെ വേതനത്തിൽ 100 രൂപ വീതം വർദ്ധനവു വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനു ധനകാര്യവകുപ്പ് ക്ളിയറൻസ് നൽകിക്കഴിഞ്ഞ വിവരം സന്തോഷത്തോടുകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്തു വർഷം സർവ്വീസുള്ളവരും, എസ്.എസ്.എൽ.സി. പാസ്സായവരുമായ അംഗൻവാടി വർക്കർമാരെ പി.എസ്.സി.വഴി

LIBRARY ARCHIVES Kerala Legislative Assembly

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിയമിക്കുന്നതിന് 25 ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. നിയമനങ്ങൾക്ക് പി.എസ്.സി. ലിസ്റ്റ് തയ്യാറായി വരുന്നുണ്ട്. അവർക്ക് അതു ലഭിക്കും. സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത്, സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടുകൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്ന അംഗൻവാടി ജീവനക്കാർക്കുമാത്രമേ സ്ഥിരനിയമനം നൽകാൻ സാധിക്കുകയുള്ളൂ. ഓണറേറിയത്തിന്റെ അടിസ്ഥാനത്തിൽ ഹെൽപ്പർ തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് മറ്റൊരു തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. പെൻഷന്റെ കാര്യവും ഈ One man commission-ൽപ്പെടുത്തണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുണ്ടെങ്കിലും, അതു പരിഗണിക്കുമെന്ന് ഉറപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: Sir, I may be permitted to clarify it. അംഗൻവാടി ജീവനക്കാരെന്നു പറയുന്നത് നമ്മുടെ ജീവനക്കാരല്ല. 1975-ൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി അനുസരിച്ച് തുടങ്ങിയ ഒരു സ്കീമാണ്. 1995 വരെ ഇവർക്കുവേണ്ടി ഒരു പൈസപോലും കേരള ഗവൺമെന്റ് കൊടുത്തിരുന്നില്ല. മുഴുവൻ പൈസയും കേന്ദ്ര ഗവൺമെന്റാണ് കൊടുത്തിരുന്നത്. 1995-ലാണ് ആദ്യമായി 100 രൂപ അവർക്ക് സംസ്ഥാന ഗവൺമെന്റിന്റെ വകയായി കൊടുത്തത്. അങ്ങനെ മൂന്നു തവണ സംസ്ഥാന ഗവൺമെന്റ് നൂറു രൂപാ വീതം വച്ച്, കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നതിനുപുറമെ കൊടുത്തിട്ടുണ്ട്. മെരിറ്റിലേക്കു ഞാൻ കടക്കുന്നില്ല. ഫാക്ട് ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

VI (a) ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതു സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ മാർച്ചു മാസത്തിൽ ഞാൻ കൊടുത്ത ഒരു ചോദ്യം, ചോദ്യം നമ്പർ 3153. ആരോഗ്യ വകുപ്പുമന്ത്രിക്കാണ് കൊടുത്തത്. മാർച്ച് മാസത്തിൽ കൊടുത്തു. ഉത്തരം കിട്ടിയില്ല. കഴിഞ്ഞ ദിവസം അങ്ങേക്ക് ഞാൻ ഒരു കത്തു തന്നു. മേയ് മാസം 4-ാം തീയതി. എന്നിട്ടും ഉത്തരം കിട്ടിയില്ല. ചോദ്യം, എയ്ഡ്സ് പരിശോധനാ ഫലം തിരുത്തി നൽകി, സമൂഹത്തിൽ എയ്ഡ്സ് പരത്തുന്നതുൾപ്പെടെയുള്ള രാജ്യദ്രോഹവും ഗുരുതരവുമായ ക്രമക്കേടുകൾ---ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നുള്ളതാണ്. ഇതുവരെ ഉത്തരം തന്നിട്ടില്ല. ചോദ്യവും ഉത്തരവും സഭയുടെ സ്വത്താണ്. അങ്ങനെ വരുമ്പോൾ ന്യായമായും അതിവിടെ തരുന്നതിനുപകരം ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly